**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5534 02.07.2014-ൽ മറുപടിക്ക്**

**കോഡ്ബ്ലൂ സംവിധാനം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**<br>**,, ബെന്നി ബെഹനാൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, ആർ. സെൽവരാജ്** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആശുപത്രികളിൽ ജീവൻരക്ഷാ ചികിത്സ ഉറപ്പാക്കാൻ കോഡ്ബ്ലൂ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും, ആരോഗ്യ വകുപ്പിന്റെ കീഴിലും പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നു. ഇത് സംബന്ധിക്കുന്ന ഒരു സർക്കുലർ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജില്ലാ പ്രോഗ്രാം മാനേജർമാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. |
| (ബി) ജീവൻരക്ഷാ ചികിത്സ ഉറപ്പാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കാർഡിയാക് അറസ്റ്റ്, റെസ്പിറേറ്ററി അറസ്റ്റ്, ഡ്രഗ് അലർജി തുടങ്ങിയ അസുഖങ്ങൾക്ക് അടിയന്തിര പരിചരണം നൽകുന്നതിനാണ് കോഡ് ബ്ലൂ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. ഒരു കോഡ് ബ്ലൂ കമ്മിറ്റി എല്ലാ ആരോഗ്യ മേഖലയിലും രൂപീകരിക്കും.<br>2. ആശുപത്രിയുടെ സൂപ്രണ്ട് ഈ കമ്മിറ്റിയിലെ കൺവീനറായി ഒരു ഡോക്ടറെ തിരഞ്ഞെടുക്കും.<br>3. ഈ കമ്മിറ്റി മൂന്നു മാസം കൂടുമ്പോൾ യോഗം കൂടേണ്ടതാണ്.<br>4. വർഷത്തിൽ ഒരിക്കൽ ഒരു കോഡ് ബ്ലൂ മാന്വൽ കമ്മിറ്റി തയ്യാറാക്കേണ്ടതുണ്ട്.<br>5. കോഡ് ബ്ലൂ കമ്മിറ്റി രൂപീകരിക്കുന്ന ഒരു കോഡ് ബ്ലൂ ടീം എല്ലാ ആശുപത്രികളിലും ഉണ്ടാകും. |

6. രോഗിയുടെ പരിചരണത്തിനാവശ്യമായ ICU, Operation Theatres, IP wards, Labour rooms തുടങ്ങിയ ഇടങ്ങളിൽ അത്യാവശ്യമായ മരുന്നുകളും ഉപകരണങ്ങളും സജ്ജീകരിക്കുന്നതാണ്. ഇത്തരം ഇടങ്ങളിൽ എമർജൻസി ട്രോളി ഉണ്ടാകുമെന്നും ഉറപ്പുവരുത്തും. മാത്രവുമല്ല crash cart-ഉം ലഭ്യമാക്കുന്നതാണ്.
7. ഹോസ്പിറ്റൽ ജീവനക്കാർക്ക് ഇതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്.
8. അടിയന്തിര പരിചരണം ഏതെങ്കിലും രോഗിക്ക് ആവശ്യമായി കണ്ടാൽ ഹോസ്പിറ്റലിലെ ഡോക്ടർ/നഴ്സ് മറ്റേതെങ്കിലും ജീവനക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കുകയും ആവശ്യമായ പരിചരണം നൽകുകകയും ചെയ്യേണ്ടതാണ്.

(സി) സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലണ് ഈ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഘട്ടം ഘട്ടമായി ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) രോഗിയുടെ പരിചരണത്തിനാവശ്യമായ മരുന്നുകളും, ഉപകരണങ്ങളും ICU, Operation Theatres, IP wards, Labour rooms തുടങ്ങിയ ഇടങ്ങളിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇത്തരം ഇടങ്ങളിൽ emergency trolley ഉണ്ടാകുമെന്നും ഉറപ്പുവരുത്തും. മാത്രവുമല്ല crash cart-ഉം ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ